ലേഖനം

# പണ്ഡിത ധർമം

ഇൽയാസ് മൗലവി

ഇസ്‌ലാമിക സമൂഹത്തിന്റെ ഭദ്രതയും കെട്ടുറപ്പും ആദർശ, സാംസ്‌കാരിക തനിമയും നിലനിർത്തുന്നതിൽ അനൽപമായ പങ്കാണ് പണ്ഡിതന്മാർക്കുള്ളത്, എന്നല്ല വ്യതിചലനമുണ്ടാവുമ്പോൾ ഇസ്‌ലാമിക സമൂഹത്തെ യഥാർഥ ഇസ്‌ലാമിൽ ഉറപ്പിച്ചുനിർത്താനുള്ള എകവിഭാഗമാണവർ. സമൂഹത്തിൽ പ്രവാചകന്മാർക്കുള്ള സ്ഥാനമെന്താണോ അതേ ദൗത്യമാണ് പണ്ഡിതന്മാരിൽ അർപ്പിതമായിരിക്കുന്നത്. അവർ പിഴച്ചാൽ സമൂഹമൊന്നടങ്കം പിഴച്ചുപോകും.

അതുകൊണ്ടാണ് പ്രവാചകൻ ഇങ്ങനെ പഠിപ്പിച്ചത്:

عَنْ عَبْدِ اللَّهِ بْنِ عَمْرِو بْنِ الْعَاصِ قَالَ: سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ: إِنَّ اللَّهَ لاَ يَقْبِضُ الْعِلْمَ انْتِزَاعًا، يَنْتَزِعُهُ مِنَ الْعِبَادِ، وَلَكِنْ يَقْبِضُ الْعِلْمَ بِقَبْضِ الْعُلَمَاءِ، حَتَّى إِذَا لَمْ يُبْقِ عَالِمًا، اتَّخَذَ النَّاسُ رُءُوسًا جُهَّالاً فَسُئِلُوا، فَأَفْتَوْا بِغَيْرِ عِلْمٍ، فَضَلُّوا وَأَضَلُّوا .( رَوَاهُ الْبُخَارِيُّ: 100، وَرَوَاهُ مُسْلِمٌ: 4828)

അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം: തിരുമേനി(സ) അരുളുന്നത് ഞാൻ കേട്ടിട്ടുണ്ട്. 'അല്ലാഹു ജ്ഞാനത്തെ ഒറ്റയടിക്ക് അടിമകളിൽ നിന്ന് ഊരിയെടുക്കുകയില്ല. എന്നാൽ പണ്ഡിതന്മാരുടെ മരണം മുഖേന വിദ്യയെ അല്ലാഹു ക്രമേണയായി പിടിച്ചെടുക്കും. അവസാനം ഭൂമുഖത്തു ഒരു പണ്ഡിതനും അവശേഷിക്കാത്ത ഘട്ടം വരുമ്പോൾ വിവരമില്ലാത്തവരെ ജനങ്ങൾ നേതാക്കളാക്കും. എന്നിട്ട് അവരോട് മതകാര്യങ്ങൾ ചോദിക്കുകയും അപ്പോൾ അവർ അറിവില്ലാതെ വിധി കൊടുക്കുകയും അവസാനം അവർ സ്വയം വഴി തെറ്റുകയും മറ്റുള്ളവരെ തെറ്റിക്കുകയും ചെയ്യും.'

ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ അവഗാഹം നേടാൻ മാത്രം ഒരു വിഭാഗം എന്തുകൊണ്ട് ഇറങ്ങിത്തിരിക്കുന്നില്ല എന്ന് അല്ലാഹു ചോദിച്ചത് ഖുർആനിൽ കാണാം. ആബാലവൃദ്ധം ജനങ്ങൾ അനിവാര്യമായും ഇറങ്ങിത്തിരിക്കേണ്ട സങ്കീർണമായ ഒരു സാഹചര്യത്തിലാണ് ഈ ആഹ്വാനം എന്നത് ഏറെ ശ്രദ്ധേയമാണ്. ആ സാഹചര്യം എന്താണെന്ന് കാണുക:

ശത്രുക്കളുടെ സംഘടിത മുന്നേറ്റത്തിൽ, അതുവരെ വിജയം വരിച്ചുകൊണ്ടിരുന്ന ഇസ്‌ലാമികശക്തി പെട്ടെന്ന് തകർന്നുപോകുമായിരുന്നു. സത്യപ്രബോധനത്തെ സംബന്ധിച്ചേടത്തോളം വിധിനിർണായകമായ ജീവന്മരണ പ്രതിസന്ധിയാണിതെന്ന് മനസ്സിലാക്കി നബിതിരുമേനി, അതിദുഷ്കരമായ പ്രശ്നങ്ങൾ നിലവിലിരിക്കെത്തന്നെ, യുദ്ധസന്നാഹത്തിന് പൊതുകൽപന നൽകി. നാട്ടിൽ കഠിനമായ ക്ഷാമവും വരൾച്ചയും. അത്യുഗ്രമായ ഉഷ്ണം. കൊയ്ത്തടുത്ത കാലം. വാഹനങ്ങളും സാധന സാമഗ്രികളുമൊരുക്കുന്നതിലുള്ള കടുത്ത പ്രയാസം. പണത്തിന്റെ കുറവ്. ലോകത്തിലെ രണ്ട് വൻശക്തികളിലൊന്നിനെയാണ് നേരിടാൻ പോകുന്നതും. ഈ സന്ദിഗ്ധ ഘട്ടത്തിൽ തിരുമേനി പതിവിന് വിപരീതമായി യാത്രോദ്ദേശ്യം തുറന്നു പ്രഖ്യാപിച്ചു. അതുവരെ എല്ലാ യുദ്ധങ്ങളിലും പോകുന്ന സ്ഥലത്തെയും നേരിടാനുള്ള ശത്രുവിനെയും പറ്റി അവസാനസമയം വരെ

**"വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം** تَفَقُّه فِي الدِّين **ആണെന്നു ഖുർആൻ പ്രഖ്യാപിച്ചപ്പോൾ ദീൻ മനസ്സിലാക്കുക, അതിന്റെ ഘടനയിൽ ഉൾക്കാഴ്ച നേടുക, ദീനിന്റെ സംസ്കാരവും ചൈതന്യവും ഉൾക്കൊള്ളുക, നാനാ ജീവിതമേഖലകളിൽ ഏത് ചിന്താ-കർമരീതിയാണ് ദീനിന്റെ ആത്മാവുമായി ഇണങ്ങുന്നതെന്നു വിവേചിച്ചറിയുക എന്നൊക്കെയാണ് അതുകൊണ്ട് അർഥമാക്കിയത്. എന്നാൽ, പിൽക്കാലത്ത് 'ഫിഖ്ഹ്' എന്ന സാങ്കേതിക നാമത്തിൽ വ്യവഹരിക്കപ്പെടുകയും അചിരേണ ഇസ്‌ലാമിക ജീവിതത്തിന്റെ ബാഹ്യരൂപത്തെ (ആന്തര ചൈതന്യത്തെയല്ല) വിശദീകരിക്കുകയും ചെയ്യുന്ന കർമശാസ്ത്ര ശാഖ പ്രചാരം നേടിയപ്പോൾ, അതാണ് ദൈവവിധിപ്രകാരം വിജ്ഞാനത്തിന്റെ പരമലക്ഷ്യമായി പ്രഖ്യാപിക്കപ്പെട്ട വസ്തുവെന്ന് പദസാദൃശ്യം മൂലം ജനങ്ങൾ ധരിച്ചുവശായി."**

مجلس العلماء الروهيجيا بماليزيا
MAJLIS ULAMA ROHINGYA
ROHINGYA ULAMA COUNCIL MALAYSIA (MUR)
No. 20-1A, Jalan Suria Setapak, Taman Suria Setapak, 53000 Kuala Lumpur.
Tel / Fax: 603-4022 3444

ആർക്കും ഒരറിവും നൽകാതിരിക്കുകയായിരുന്നു അവിടുത്തെ രീതി. എന്നല്ല, മദീനയിൽനിന്ന് പുറപ്പെട്ടശേഷവും ഉദ്ദിഷ്ട ലക്ഷ്യത്തിലേക്ക് സാധാരണ വഴിയിൽനിന്നും മാറി വളഞ്ഞ വഴിയിലൂടെയാണ് യാത്ര ചെയ്യാറുള്ളതും. എന്നാൽ, ഇത്തവണ അത്തരം മറകളെല്ലാം മാറ്റിവെച്ച്, റോമാ സാമ്രാജ്യത്തോടാണ് ഏറ്റുമുട്ടുന്നതെന്നും സിറിയയിലേക്കാണ് പോകുന്നതെന്നും തിരുമേനി വ്യക്തമാക്കുകയുണ്ടായി. സന്ദർഭത്തിന്റെ നിർണായക സ്വഭാവത്തെക്കുറിച്ച് അറേബ്യയിൽ എല്ലാവരും ബോധവാന്മാരായിരുന്നു. പഴഞ്ചൻ ജാഹിലിയ്യത്തിന്റെ അവശേഷിച്ച ആരാധകർക്ക് അവസാനത്തെ പ്രതീക്ഷാകിരണമായിരുന്നു അത്. റോമാ സാമ്രാജ്യവും ഇസ്‌ലാമും തമ്മിൽ നടക്കാൻ പോകുന്ന സംഘട്ടനത്തിന്റെ ഫലമറിയാൻ അവർ അക്ഷമരായി കാത്തുനിൽക്കുകയായിരുന്നു. കാരണം, ഇതല്ലാതൊരിടത്തും പ്രതീക്ഷയുടെ ലാഞ്ഛനപോലും കാണാനില്ലെന്ന് അവർക്കറിയാമായിരുന്നു. തങ്ങളെ സംബന്ധിച്ചേടത്തോളം ഇതവസാനത്തെ സന്ദർഭമാണെന്ന് മുനാഫിഖുകളും കണക്കുകൂട്ടിയിരുന്നു. സിറിയൻ യുദ്ധമുഖത്ത് ഇസ്‌ലാമിന് തിരിച്ചടി ലഭിക്കയാണെങ്കിൽ ആഭ്യന്തരരംഗത്ത് കുഴപ്പത്തിന്റെ കൊടികുത്താമെന്ന പ്രതീക്ഷയിലാണവർ മസ്ജിദുദ്ദിറാർ പണിതത്. മുസ്‌ലിംകളുടെ സമരസന്നാഹത്തെ തകിടംമറിക്കാൻ സാധ്യമായ എല്ലാ തന്ത്രങ്ങളും അവർ പ്രയോഗിച്ചുനോക്കി. മറുവശത്ത്, യഥാർഥ വിശ്വാസികളും പൂർണ ബോധവാന്മാരായിരുന്നു. തങ്ങൾ ഇരുപത്തിരണ്ട് വർഷമായി ജീവരക്തം നൽകി വളർത്തിയെടുത്ത പ്രസ്ഥാനത്തിന്റെ ഭാവി ത്രാസിലാടുകയാണെന്ന് അവർക്കറിയാമായിരുന്നു. ഈ ഘട്ടത്തിൽ ധൈര്യം പ്രകടിപ്പിക്കുകയെന്നാൽ പ്രസ്ഥാനത്തിന്റെ സാർവലൗകിക വികാസത്തിന് കവാടം തുറക്കപ്പെടുക എന്നാണർഥം; ധൈര്യക്ഷയം കാണിക്കുന്നതിനർഥം അറേബ്യയിൽതന്നെ പ്രസ്ഥാനത്തിന് നിൽക്കക്കള്ളി ഇല്ലാതാവുകയെന്നും. ഈ തീവ്രമായ ബോധം ആത്മാർപ്പണബദ്ധരായ ആ സത്യസേവകരെ സാവേശം യുദ്ധസന്നദ്ധരാക്കി. സാധന സാമഗ്രികളൊരുക്കാൻ ഓരോരുത്തരും കഴിവിൽകവിഞ്ഞ് മുന്നോട്ടുവന്നു. ഉസ്മാനും(റ)അബ്ദുർറഹ്മാനുബ്നു ഔഫും(റ) വൻതുകകൾ സംഭാവന ചെയ്തു. ഉമർ (റ) ആയുഷ്കാല സമ്പാദ്യത്തിന്റെ പാതിഭാഗം സമർപ്പിച്ചു. അബൂബക്ർ(റ) ആകട്ടെ, ജീവിതസമ്പാദ്യം മുഴുക്കെ സമർപ്പിച്ചു. ദരിദ്ര സ്വഹാബികൾ അധ്വാനിച്ചും കൂലിവേല ചെയ്തും തങ്ങളാലാവുന്നത് സ്വരൂപിച്ച് തിരുദൂതർക്ക് കൈമാറി. സ്ത്രീകൾ ആഭരണങ്ങൾ അഴിച്ചുകൊടുത്തു. ആവേശഭരിതരായ വളന്റിയർ സംഘങ്ങൾ നാനാഭാഗത്തുനിന്നും പ്രവഹിച്ചുകൊണ്ടിരുന്നു. ജീവൻ ബലി നൽകാനൊരുങ്ങിവന്ന ആ ധീരാത്മാക്കൾ ആയുധവും വാഹനവും ഒരുക്കിക്കൊടുക്കാനാവശ്യപ്പെട്ടു. വാഹനം ലഭിക്കാത്തവർ കരയുന്നുണ്ടായിരുന്നു. അവർ പ്രകടിപ്പിച്ച ആത്മാർഥതയുടെ ഊഷ്മളത തിരുമേനിയെ വികാരാധീനനാക്കി. ഈ പശ്ചാത്തലത്തിൽ ഇറങ്ങിയ

وَمَا كَانَ الْمُؤْمِنُونَ لِيَنْفِرُوا كَافَّةً فَلَوْلَا نَفَرَ مِنْ كُلِّ فِرْقَةٍ مِنْهُمْ طَائِفَةٌ لِيَتَفَقَّهُوا فِي الدِّينِ وَلِيُنْذِرُوا قَوْمَهُمْ إِذَا رَجَعُوا إِلَيْهِمْ لَعَلَّهُمْ يَحْذَرُونَ (التَّوبة: 122).

'സത്യവിശ്വാസികൾ ഒന്നടങ്കം യുദ്ധത്തിനു പുറപ്പെടേണ്ടിയിരുന്നില്ല. അവരിൽ ഓരോ വിഭാഗത്തിൽനിന്നും ഒരു സംഘം ദീനിൽ പാണ്ഡിത്യം നേടാൻ പോകാത്തതെന്തുകൊണ്ട്? സ്വന്തം സമൂഹത്തിലേക്കു തിരിച്ചുവന്നാൽ അവർക്ക് ഉദ്ബോധനം നൽകാനും അതുവഴി അവർ തിന്മകളെക്കുറിച്ച് കരുതലുള്ളവരാകാനും' - *അത്തൗബ:* 122).

എന്ന സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ മൗലാനാ മൗദൂദി പറയുന്നത് കാണുക:

''ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഭദ്രത നേടിക്കൊടുക്കേണ്ടതിന് യഥാവസരം നൽകപ്പെട്ട ഒരു സുപ്രധാന നിർദേശമായിരുന്നു ഇത്. ഇസ്‌ലാം അറേബ്യയിൽ നവജാതമായിരുന്ന പ്രാരംഭ ഘട്ടത്തിൽ കഠിനമായ പ്രതികൂല പരിതഃസ്ഥിതികളെ നേരിട്ടു പതുക്കെപ്പതുക്കെ വളർന്നുകൊണ്ടിരുന്നപ്പോൾ ഇത്തരമൊരു നിർദേശത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല. കാരണം, ആ ഘട്ടത്തിൽ ഇസ്‌ലാം സ്വീകരിച്ചത് അതിനെ ശരിക്കും ഗ്രഹിക്കുകയും നാനാവശങ്ങളിലൂടെ മാറ്റുരച്ചുനോക്കി ബോധ്യപ്പെടുകയും ചെയ്തവർ മാത്രമായിരുന്നു. എന്നാൽ, പ്രസ്ഥാനം വിജയഘട്ടത്തിൽ പ്രവേശിക്കുകയും നാട്ടിൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്തപ്പോൾ അതിൽ ജനപഥങ്ങൾ കൂട്ടംകൂട്ടമായി പ്രവേശിച്ചുതുടങ്ങി. ഇസ്‌ലാമിനെ അതിന്റെ എല്ലാ അർഥത്തിലും മനസ്സിലാക്കി അംഗീകരിച്ചിരുന്നവർ അവരിൽ വിരളമായിരുന്നു. ഒഴുക്കിനൊത്തു നീന്തുകയായിരുന്നു മിക്കപേരും. നവ മുസ്‌ലിംകളുടെ ഈ ത്വരിത പ്രവാഹം പ്രത്യക്ഷത്തിൽ ഇസ്‌ലാമിനു ശക്തിദായകമായിരുന്നു. അനുയായികളുടെ അംഗസംഖ്യയിലെ വർധനവുതന്നെ കാരണം. എന്നാൽ, ശരിയായ ദീനീബോധമോ ദീനിന്റെ ധാർമിക താൽപര്യങ്ങൾ പൂർത്തീകരിക്കാൻ സന്നദ്ധതയോ ഇല്ലാത്ത ജനങ്ങൾ യഥാർഥത്തിൽ ഇസ്‌ലാമിക വ്യവസ്ഥക്ക് ഉപകാരത്തിലേറെ ഉപദ്രവമായിരുന്നു. തബൂക്ക് യുദ്ധവേളയിൽ അത് പ്രകടമാവുകയും ചെയ്തു. അതിനാൽ, തക്കസമയത്ത് അല്ലാഹു നിർദേശം നൽകുകയാണ്: ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വ്യാപ്തിക്കും വളർച്ചക്കുമനുസരിച്ച് അതിന്റെ ഭദ്രതക്കുള്ള മാർഗവും കണ്ടെത്തേണ്ടതാണ്. എല്ലാ ജനവിഭാഗങ്ങളിൽനിന്നും

ഏതാനും പേരെ സംഘടിപ്പിച്ചു ശിക്ഷണശീലനം നൽകുക; തുടർന്ന് അവരുടെ പ്രദേശങ്ങളിൽ മടങ്ങിച്ചെന്ന് പൊതുജനങ്ങൾക്ക് ശിക്ഷണശീലനം നൽകുക. അങ്ങനെ മുസ്‌ലിം ജനസാമാന്യത്തിലുടനീളം ഇസ്‌ലാമിക ബോധവും ദൈവിക നിയമങ്ങളെ സംബന്ധിച്ച അറിവും പ്രചരിപ്പിക്കുക -ഇതായിരുന്നു ആ മാർഗം. ഇവിടെ മറ്റൊരു സംഗതികൂടി മനസ്സിലാക്കേണ്ടതുണ്ട്: പൊതുവിദ്യാഭ്യാസത്തിന് ഏർപ്പാട് ചെയ്യണമെന്ന പ്രകൃത സൂക്തത്തിലെ കൽപനയുടെ സാക്ഷാൽ ഉദ്ദേശ്യം, സാധാരണക്കാർക്ക് അക്ഷരജ്ഞാനം നൽകുകയും അവരിൽ പുസ്തക വായനയും മറ്റും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നില്ല. ജനങ്ങളിൽ ദീനീബോധം വളരുകയും അനിസ്‌ലാമിക ജീവിതരീതിയിൽനിന്ന് അവർ അകന്നുനിൽക്കാൻ പ്രാപ്തരാവുകയും ചെയ്യുക എന്ന നിർണിതമായ ലക്ഷ്യമാണിതിനുള്ളതെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. എന്നേക്കുമായി മുസ്‌ലിംകൾക്കു നിർണയിച്ചുകൊടുത്ത വിദ്യാഭ്യാസ ലക്ഷ്യമാണിത്. ഏത് വിദ്യാഭ്യാസ വ്യവസ്ഥയെയും ഈ ലക്ഷ്യം എത്രകണ്ട് പൂർത്തീകരിക്കുമെന്ന വീക്ഷണത്തിൽ മാറ്റുരച്ചുനോക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാകുന്നു. ജനങ്ങളിൽ എഴുത്തും വായനയും ഗ്രന്ഥപാരായണവും ലൗകികജ്ഞാനവും പ്രചരിപ്പിക്കുക ഇസ്‌ലാമിന്റെ ഉദ്ദേശ്യമല്ലെന്ന് ഇപ്പറഞ്ഞതിന് അർഥമില്ല. മുകളിൽ അടിവരയിട്ട ലക്ഷ്യത്തിലെത്താൻ ജനങ്ങളെ പ്രാപ്തരാക്കുന്ന വിദ്യാഭ്യാസം നൽകണമെന്നേ ഉദ്ദേശ്യമുള്ളൂ. അതില്ലാത്ത ഓരോരുത്തനും ഐൻസ്റ്റീനോ ഫ്രോയിഡോ ആയിത്തീർന്നാൽ പോലും, ദീനീബോധം ഇല്ലാതിരിക്കുകയും ഇസ്‌ലാമികേതര ജീവിതരീതിയിലേക്കു വഴുതിപ്പോവുകയും ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള വിദ്യാഭ്യാസം ഇസ്‌ലാമികദൃഷ്ട്യാ ഒരു ശാപമാണ്. പ്രകൃത സൂക്തത്തിലെ لِيَتَفَقَّهُوا فِي الدِّينِ എന്ന പ്രയോഗം പിൽക്കാലത്ത് ആളുകളിൽ വിചിത്രമായൊരു തെറ്റുധാരണ സൃഷ്ടിച്ചിരിക്കുന്നു. അതിന്റെ വിഷലിപ്തമായ സ്വാധീനം ദീർഘകാലമായി മുസ്‌ലിംകളുടെ മത വിദ്യാഭ്യാസത്തെയെന്നല്ല, മതജീവിതത്തെത്തന്നെ ഗ്രസിച്ചുകളഞ്ഞിരിക്കയാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം تَفَقُّه فِي الدِّين ആണെന്നു ഖുർആൻ പ്രഖ്യാപിച്ചപ്പോൾ ദീൻ മനസ്സിലാക്കുക, അതിന്റെ ഘടനയിൽ ഉൾക്കാഴ്ച നേടുക, ദീനിന്റെ സംസ്കാരവും ചൈതന്യവും ഉൾക്കൊള്ളുക, നാനാ ജീവിതമേഖലകളിൽ ഏത് ചിന്താ-കർമരീതിയാണ് ദീനിന്റെ ആത്മാവുമായി ഇണങ്ങുന്നതെന്നു വിവേചിച്ചറിയുക എന്നൊക്കെയാണ് അതുകൊണ്ട് അർഥമാക്കിയത്. എന്നാൽ, പിൽക്കാലത്ത് 'ഫിഖ്ഹ്' എന്ന സാങ്കേതിക നാമത്തിൽ വ്യവഹരിക്കപ്പെടുകയും അചിരേണ ഇസ്‌ലാമിക ജീവിതത്തിന്റെ ബാഹ്യരൂപത്തെ (ആന്തര ചൈതന്യത്തെയല്ല) വിശദീകരിക്കുകയും ചെയ്യുന്ന കർമശാസ്ത്ര ശാഖ പ്രചാരം നേടിയപ്പോൾ, അതാണ് ദൈവവിധിപ്രകാരം വിജ്ഞാനത്തിന്റെ പരമലക്ഷ്യമായി പ്രഖ്യാപിക്കപ്പെട്ട വസ്തുവെന്ന് പദസാദൃശ്യം മൂലം ജനങ്ങൾ ധരിച്ചുവശായി. അതാവട്ടെ, മുഴുവൻ ലക്ഷ്യമായിരുന്നില്ല. ലക്ഷ്യത്തിന്റെ ഒരംശം മാത്രമായിരുന്നു. ഈ ഭീമമായ അബദ്ധധാരണയുടെ ഫലമായി മതത്തിനും മതാനുയായികൾക്കും സംഭവിച്ച നഷ്ടങ്ങൾ വിലയിരുത്താൻ ഒരു വലിയ ഗ്രന്ഥംതന്നെ വേണ്ടിവരും. മുസ്‌ലിംകളുടെ മത വിദ്യാഭ്യാസത്തെ ചൈതന്യശൂന്യമാക്കി മതത്തിന്റെ ജഡത്തെയും രൂപത്തെയും കുറിച്ച വിശദീകരണത്തിൽ അതിനെ കേന്ദ്രീകരിച്ചു നിർത്തുകയും ഒടുവിൽ മുസ്‌ലിംകളുടെ ജീവിതത്തിൽ കേവലം നിർജീവമായ ബാഹ്യനിഷ്ഠ, മതനിഷ്ഠയുടെ പരമലക്ഷ്യമായിത്തീരാൻ കാരണമാക്കുകയും ചെയ്തത് വലിയൊരളവോളം ഈ അബദ്ധധാരണയാണെന്ന് ചൂണ്ടിക്കാട്ടുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ'' (തഫ്ഹീമുൽഖുർആൻ).

European Council For Fatwa And Research

മേൽ ഖുർആൻ സൂക്തത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് ഇബ്നു അബ്ബാസ്(റ) നടത്തിയ ഇടപെടൽ കാണുക:

### ഇബ്നു അബ്ബാസ് (റ) ഖവാരിജുകളുമായി നടത്തിയ ചരിത്രപ്രസിദ്ധമായ സംവാദം!

عَنْ عَبْدِ اللهِ بْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا، قَالَ: لَمَّا خَرَجَتِ الْحَرُورِيَّةُ اجْتَمَعُوا فِي دَارٍ، وَهُمْ سِتَّةُ آلَافٍ، أَتَيْتُ عَلِيًّا، فَقُلْتُ: يَا أَمِيرَ الْمُؤْمِنِينَ، أَبْرِدْ بِالظُّهْرِ لَعَلِّي آتِي هَؤُلَاءِ الْقَوْمَ فَأُكَلِّمُهُمْ. قَالَ: إِنِّي أَخَافُ عَلَيْكَ. قُلْتُ: كَلَّا. قَالَ ابْنُ عَبَّاسٍ: فَخَرَجْتُ إِلَيْهِمْ وَلَبِسْتُ أَحْسَنَ مَا يَكُونُ مِنْ حُلَلِ الْيَمَنِ، قَالَ أَبُو زُمَيْلٍ كَانَ ابْنُ عَبَّاسٍ جَمِيلاً جَهِيرًا. قَالَ ابْنُ عَبَّاسٍ: فَأَتَيْتُهُمْ، وَهُمْ مُجْتَمِعُونَ فِي دَارِهِمْ، قَائِلُونَ فَسَلَّمْتُ عَلَيْهِمْ فَقَالُوا: مَرْحَبًا بِكَ يَا ابْنَ عَبَّاسٍ فَمَا هَذِهِ الْحُلَّةُ؟ قَالَ: قُلْتُ: مَا تَعِيبُونَ عَلَيَّ، لَقَدْ رَأَيْتُ عَلَى رَسُولِ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَحْسَنَ مَا يَكُونُ مِنَ الْحُلَلِ، وَنَزَلَتْ: {قُلْ مَنْ حَرَّمَ زِينَةَ اللهِ الَّتِي أَخْرَجَ لِعِبَادِهِ وَالطَّيِّبَاتِ مِنَ الرِّزْقِ} قَالُوا: فَمَا جَاءَ بِكَ؟ قُلْتُ: أَتَيْتُكُمْ مِنْ عِنْدِ صَحَابَةِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مِنَ الْمُهَاجِرِينَ وَالْأَنْصَارِ، لِأُبَلِّغَكُمْ مَا يَقُولُونَ الْمُخْبَرُونَ بِمَا يَقُولُونَ فَعَلَيْهِمْ نَزَلَ الْقُرْآنُ، وَهُمْ أَعْلَمُ بِالْوَحْيِ مِنْكُمْ، وَفِيهِمْ أُنْزِلَ: وَلَيْسَ فِيكُمْ مِنْهُمْ أَحَدٌ. فَقَالَ بَعْضُهُمْ: لَا تُخَاصِمُوا قُرَيْشًا، فَإِنَّ اللَّهَ يَقُولُ: {بَلْ هُمْ قَوْمٌ خَصِمُونَ} قَالَ ابْنُ عَبَّاسٍ: وَأَتَيْتُ قَوْمًا لَمْ أَرَ قَوْمًا قَطُّ أَشَدَّ اجْتِهَادًا مِنْهُمْ مُسْهِمَةٌ وُجُوهُهُمْ مِنَ السَّهَرِ، كَأَنَّ أَيْدِيهِمْ وَرُكَبَهُمْ تُثَنَّى عَلَيْهِمْ، فَمَضَى مَنْ حَضَرَ، فَقَالَ بَعْضُهُمْ: لَنُكَلِّمَنَّهُ وَلَنَنْظُرَنَّ مَا يَقُولُ. قُلْتُ: أَخْبِرُونِي مَاذَا نَقَمْتُمْ عَلَى ابْنِ عَمِّ رَسُولِ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، وَصِهْرِهِ وَالْمُهَاجِرِينَ وَالْأَنْصَارِ؟ قَالُوا: ثَلَاثًا. قُلْتُ: مَا هُنَّ؟ قَالُوا: أَمَّا إِحْدَاهُنَّ فَإِنَّهُ حَكَّمَ الرِّجَالَ فِي أَمْرِ اللهِ، وَقَالَ اللَّهُ تَعَالَى: {إِنِ الْحُكْمُ إِلَّا لِلَّهِ} وَمَا لِلرِّجَالِ وَمَا لِلْحَكَمِ؟ فَقُلْتُ: هَذِهِ وَاحِدَةٌ. قَالُوا: وَأَمَّا الْأُخْرَى فَإِنَّهُ قَاتَلَ، وَلَمْ يَسْبِ وَلَمْ يَغْنَمْ، فَلَئِنْ كَانَ الَّذِي قَاتَلَ كُفَّارًا لَقَدْ حَلَّ سَبْيُهُمْ وَغَنِيمَتُهُمْ، وَلَئِنْ كَانُوا مُؤْمِنِينَ مَا حَلَّ قِتَالُهُمْ. قُلْتُ: هَذِهِ اثْنَتَانِ، فَمَا الثَّالِثَةُ؟ قَالَ: إِنَّهُ مَحَا نَفْسَهُ مِنْ أَمِيرِ الْمُؤْمِنِينَ فَهُوَ أَمِيرُ الْكَافِرِينَ. قُلْتُ: أَعِنْدَكُمْ سِوَى هَذَا؟ قَالُوا: حَسْبُنَا هَذَا. فَقُلْتُ لَهُمْ: أَرَأَيْتُمْ إِنْ قَرَأْتُ عَلَيْكُمْ مِنْ كِتَابِ اللهِ وَمِنْ سُنَّةِ نَبِيِّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَا يُرَدُّ بِهِ قَوْلُكُمْ أَتَرْضَوْنَ؟ قَالُوا: نَعَمْ. فَقُلْتُ: أَمَّا قَوْلُكُمْ: حَكَّمَ الرِّجَالَ فِي أَمْرِ اللهِ فَأَنَا أَقْرَأُ عَلَيْكُمْ مَا قَدْ رَدَّ حُكْمَهُ إِلَى الرِّجَالِ فِي

ثَمَنِ رُبْعِ دِرْهَمٍ فِي أَرْنَبٍ، وَنَحْوِهَا مِنَ الصَّيْدِ، فَقَالَ: {يَا أَيُّهَا الَّذِينَ آمَنُوا لاَ تَقْتُلُوا الصَّيْدَ وَأَنْتُمْ حُرُمٌ} إِلَى قَوْلِهِ {يَحْكُمُ بِهِ ذَوَا عَدْلٍ مِنْكُمْ} فَنَشَدْتُكُمُ اللَّهَ أَحُكْمُ الرِّجَالِ فِي أَرْنَبٍ وَنَحْوِهَا مِنَ الصَّيْدِ أَفْضَلُ، أَمْ حُكْمُهُمْ فِي دِمَائِهِمْ وَصَلاَحِ ذَاتِ بَيْنِهِمْ ؟، وَأَنْ تَعْلَمُوا أَنَّ اللَّهَ لَوْ شَاءَ لَحَكَمَ وَلَمْ يُصَيِّرْ ذَلِكَ إِلَى الرِّجَالِ، وَفِي الْمَرْأَةِ وَزَوْجِهَا قَالَ اللَّهُ عَزَّ وَجَلَّ: {وَإِنْ خِفْتُمْ شِقَاقَ بَيْنِهِمَا فَابْعَثُوا حَكَمًا مِنْ أَهْلِهِ وَحَكَمًا مِنْ أَهْلِهَا إِنْ يُرِيدَا إِصْلاَحًا يُوَفِّقِ اللَّهُ بَيْنَهُمَا} فَجَعَلَ اللَّهُ حُكْمَ الرِّجَالِ سُنَّةً مَأْمُونَةً ، أَخَرَجْتُ عَنْ هَذِهِ؟ قَالُوا: نَعَمْ، قَالَ: وَأَمَّا قَوْلُكُمْ: قَاتَلَ وَلَمْ يَسْبِ وَلَمْ يَغْنَمْ، أَتَسْبُونَ أُمَّكُمْ عَائِشَةَ ثُمَّ يَسْتَحِلُّونَ مِنْهَا مَا يُسْتَحَلُّ مِنْ غَيْرِهَا؟ فَلَئِنْ فَعَلْتُمْ لَقَدْ كَفَرْتُمْ وَهِيَ أُمُّكُمْ، وَلَئِنْ قُلْتُمْ: لَيْسَتْ أُمَّنَا لَقَدْ كَفَرْتُمْ فَإِنَّ اللَّهَ يَقُولُ: {النَّبِيُّ أَوْلَى بِالْمُؤْمِنِينَ مِنْ أَنْفُسِهِمْ وَأَزْوَاجُهُ أُمَّهَاتُهُمْ} فَأَنْتُمْ تَدُورُونَ بَيْنَ ضَلاَلَتَيْنِ أَيُّهُمَا صِرْتُمْ إِلَيْهَا، صِرْتُمْ إِلَى ضَلاَلَةٍ فَنَظَرَ بَعْضُهُمْ إِلَى بَعْضٍ، قُلْتُ: أَخَرَجْتُ مِنْ هَذِهِ؟ قَالُوا: نَعَمْ، قَالَ: وَأَمَّا قَوْلُكُمْ مَحَا اسْمَهُ مِنْ أَمِيرِ الْمُؤْمِنِينَ، فَأَنَا آتِيكُمْ بِمَنْ تَرْضَوْنَ، وَأُرِيكُمْ قَدْ سَمِعْتُمْ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَوْمَ الْحُدَيْبِيَةِ كَاتَبَ سُهَيْلَ بْنَ عَمْرٍو وَأَبَا سُفْيَانَ بْنَ حَرْبٍ فَقَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لأَمِيرِ الْمُؤْمِنِينَ: اكْتُبْ يَا عَلِيُّ: هَذَا مَا اصْطَلَحَ عَلَيْهِ مُحَمَّدٌ رَسُولُ اللهِ فَقَالَ الْمُشْرِكُونَ: لاَ وَاللَّهِ مَا نَعْلَمُ إِنَّكَ رَسُولُ اللهِ لَوْ نَعْلَمُ إِنَّكَ رَسُولُ اللهِ مَا قَاتَلْنَاكَ، فَقَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: اللَّهُمَّ إِنَّكَ تَعْلَمُ أَنِّي رَسُولُ اللهِ، اكْتُبْ يَا عَلِيُّ: هَذَا مَا اصْطَلَحَ عَلَيْهِ مُحَمَّدُ بْنُ عَبْدِ اللهِ فَوَاللَّهِ لَرَسُولُ اللهِ خَيْرٌ مِنْ عَلِيٍّ، وَمَا أَخْرَجَهُ مِنَ النُّبُوَّةِ حِينَ مَحَا نَفْسَهُ، قَالَ عَبْدُ اللهِ بْنُ عَبَّاسٍ: فَرَجَعَ مِنَ الْقَوْمِ أَلْفَانِ، وَقُتِلَ سَائِرُهُمْ عَلَى ضَلاَلَةٍ.- رَوَاهُ الْحَاكِمُ فِي الْمُسْتَدْرَكِ: 2656، وَقَالَ: هَذَا حَدِيثٌ صَحِيحٌ عَلَى شَرْطِ مُسْلِمٍ، وَلَمْ يُخَرِّجَاهُ.

കലാപകലുഷിതമായ ഒരു പശ്ചാത്തലത്തിൽ പതിനായിരക്കണക്കിന് കലാപകാരികളെ ബൗദ്ധികസംവാദത്തിലൂടെ അനുനയിപ്പിക്കാനും ഇസ്‌ലാമിക സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചുകൊണ്ടുവരാനും സാധിച്ചു എന്നതാണ് മഹാനായ സ്വഹാബി അബ്ദുല്ലാഹിബ്നു അബ്ബാസിന്റെ മഹത്തായ സംഭാവന. പ്രവാചകന്റെ (സ) പ്രത്യേക പ്രാർഥനകൊണ്ട് അനുഗൃഹീതനായതിന്റെ ഫലവും, കഠിനാധ്വാനത്തിലൂടെ താൻ നേടിയെടുത്ത പാണ്ഡിത്യത്തിന്റെ ഗരിമയും തന്നെയായിരുന്നു ഖവാരിജുകളുമായുള്ള ആ ചരിത്രസംവാദത്തിലുടെ നമുക്ക് കാണാൻ കഴിയുന്നത്. ആ ചരിത്രസംഭവം നമുക്ക് ഇങ്ങനെ വായിക്കാം:

അല്ലാഹുവിന്റെ റസൂലിന്റെ പിതൃവ്യപുത്രനും സ്വഹാബികളിൽ പ്രമുഖനും, ഈ ഉമ്മത്തിലെ മഹാനായ പണ്ഡിതശ്രേഷ്ഠനുമായ അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) വിവരിക്കുന്നു:

''ഹറൂരികൾ (ഖവാരിജുകൾ) വിപ്ലവത്തിനായി ഇറങ്ങിപ്പുറപ്പെട്ട് കൂട്ടംകൂടി ഒരു സ്ഥലത്ത് തമ്പടിച്ചു. അവർ ഏകദേശം ആറായിരം പേരുണ്ടായിരുന്നു. അവർ വിശ്വാസികളുടെ നേതാവ് അലി(റ)ക്കെതിരെ വിദ്വേഷവുമായി സംഘടിച്ചവരായിരുന്നു.

ഈ സന്ദർഭത്തിൽ മുസ്‌ലിം ജനങ്ങൾ ഇടതടവില്ലാതെ അലി(റ)യുടെ അടുത്ത് വന്നുകൊണ്ട് പറഞ്ഞുകൊണ്ടേയിരുന്നു: ''ഓ, അമീറുൽ മുഅ്മിനീൻ, ഇവർ അങ്ങേക്കെതിരെ കലാപത്തിനു പുറപ്പെടുകയാണ്.''

അദ്ദേഹം പറഞ്ഞു: ''നിങ്ങൾ അവരെ വിട്ടേക്കുക. തീർച്ചയായും ഞാനവരോട് യുദ്ധം ചെയ്യുകയില്ല; അവർ എനിക്കെതിരായി യുദ്ധം ചെയ്യും വരെ. എന്നാൽ അവർ (എനിക്കെതിരെ യുദ്ധം) ചെയ്യുമെന്ന് തന്നെയാണ് ഞാൻ കരുതുന്നത്.''

അങ്ങനെ ആ ദിവസം വന്നെത്തിയപ്പോൾ, ളുഹ്ർ നമസ്കാരത്തിനു മുമ്പായി ഞാൻ- ഇബ്നു അബ്ബാസ് (റ)- അലി(റ)യുടെ അടുത്ത് ചെന്ന് പറഞ്ഞു: ''ഓ, അമീറുൽ മുഅ്മിനീൻ, ളുഹ്ർ നമസ്കാരം ഈ ചൂട് ഒന്ന് തണുക്കുന്നതുവരെ പിന്തിക്കുക. ഒരുപക്ഷേ, ഞാൻ ഈ ആളുകളോട് ഒന്ന് സംസാരിച്ചു നോക്കാം.''

അദ്ദേഹം പറഞ്ഞു: ''തീർച്ചയായും ഞാൻ താങ്കളെ കുറിച്ച് (അപകടം) ഭയപ്പെടുന്നു.''

ഞാൻ പറഞ്ഞു: ''ഭയപ്പെടാനൊന്നുമില്ല.''

അദ്ദേഹം എനിക്ക് പോകാൻ അനുമതി തന്നു. അങ്ങനെ ഞാൻ വളരെ നല്ല വസ്ത്രം ധരിച്ചു, യമനിൽനിന്ന് ഒരാൾക്ക് കിട്ടാവുന്നതിൽ വെച്ച് ഏറ്റവും മുന്തിയത്. അബൂസുവൈൽ പറയുന്നു: ഇബ്നു അബ്ബാസ് സുന്ദരനും ഉയർന്ന ശബ്ദമുള്ളയാളുമായിരുന്നു. അവർ മധ്യാഹ്ന വേളയിൽ വീടുകളിൽ വിശ്രമിക്കവെ ഞാൻ അവിടെയെത്തി.

ഇബാദത്തിന്റെ കാര്യത്തിൽ മറ്റാരും കാണിക്കാത്ത നിഷ്കർഷത പുലർത്തുന്ന ഒരു ജനതയെയാണ് എനിക്ക് അവിടെ കാണാനായത്. നിരന്തരമായ സുജൂദിനാൽ അവരുടെ നെറ്റികൾ വ്രണപ്പെട്ടിരുന്നു; അവരുടെ കൈകളെല്ലാം ഒട്ടകത്തിന്റേതു പോലെ പരുപരുക്കനായിരുന്നു. മുഷിഞ്ഞതും വളരെ ധരിച്ചും കഴുകിയും പഴകിയതുമായ അവരുടെ വസ്ത്രങ്ങൾ (ഞെരിയാണിക്ക്) മുകളിൽ കയറി നിന്നിരുന്നു. അവരുടെ മുഖങ്ങൾ (സ്വയം അശ്രദ്ധയാൽ) ക്ഷീണിച്ചും കരുവാളിച്ചുമിരുന്നു.

ഞാനവർക്ക് സലാം പറഞ്ഞു. അവർ പറഞ്ഞു: ''ഓ, അബ്ബാസിന്റെ മകനെ, സ്വാഗതം! ഏതു തരം വസ്ത്രമാണ് താങ്കൾ ധരിച്ചിരിക്കുന്നത്?!''

ഞാൻ പറഞ്ഞു: ''എന്ത് പോരായ്മയാണ് നിങ്ങളെന്നിൽ കാണുന്നത്? തീർച്ചയായും റസൂൽ യമനിൽ നിന്ന് കിട്ടാവുന്നതിൽ വെച്ച് ഏറ്റവും നല്ല വസ്ത്രം ധരിച്ചത് ഞാൻ കണ്ടിട്ടുണ്ട്.'' എന്നിട്ട് ഞാൻ ഈ സൂക്തം ഓതി:

قُلْ مَنْ حَرَّمَ زِينَةَ اللهِ الَّتِي أَخْرَجَ لِعِبَادِهِ وَالطَّيِّبَاتِ مِنَ الرِّزْقِ

''നബിയേ! താങ്കൾ പറയുക: അല്ലാഹു തന്റെ അടിമകൾക്കായി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാര വസ്തുക്കളും വിശിഷ്ടമായ ആഹാരപദാർഥങ്ങളും നിഷിദ്ധമാക്കിയ താരാണ്?'' (*അഅ്റാഫ്* 7:32)

അവർ ചോദിച്ചു: ''താങ്കളുടെ വരവിന്റെ ഉദ്ദേശ്യം?''

ഞാൻ: ''മുഹാജിറുകളും അൻസ്വാറുകളുമായ അല്ലാഹുവിന്റെ റസൂലിന്റെ സ്വഹാബികളുടെയും, റസൂലിന്റെ പിതൃവ്യപുത്രനും മരുമകനുമായ അലിയുടെയും അടുത്തുനിന്നാണ് ഞാൻ വരുന്നത്. അവർക്കാണല്ലോ ഖുർആൻ അവതരിച്ചത്; നിങ്ങളേക്കാൾ ഖുർആൻ കൂടുതൽ അറിയുന്നത് അവർക്കാണ്. എന്നാൽ അവരിൽനിന്നാകട്ടെ ഒരാൾ പോലും നിങ്ങളുടെ കൂട്ടത്തിൽ ഇല്ല താനും!

അതിനാൽ ഞാൻ വന്നത് അവർ എന്ത് പറയുന്നു എന്ന് നിങ്ങളെ അറിയിക്കാനാണ്; നിങ്ങൾ എന്ത് പറയുന്നു എന്നത് അവരെ അറിയിക്കാനും.''

അപ്പോൾ ചിലർ പറഞ്ഞു: ''ഖുറൈശികളോട് തർക്കിക്കാൻ നിൽക്കേണ്ട; എന്തുകൊണ്ടെന്നാൽ അല്ലാഹു പറഞ്ഞിട്ടുണ്ട്:

بَلْ هُمْ قَوْمٌ خَصِمُونَ

'അവർ പിടിവാശിക്കാരായ ഒരു ജനവിഭാഗമാകുന്നു' (*സുഖ്റുഫ്* 43: 58).

അപ്പോൾ അവരിലെ ഒരു സംഘം എന്റെ നേരെ തിരിഞ്ഞു. അവരിലെ രണ്ടോ മൂന്നോ പേർ പറഞ്ഞു: ''തീർച്ചയായും ഞങ്ങൾ ഇദ്ദേഹത്തോട് സംസാരിക്കുക തന്നെ ചെയ്യും.''

അപ്പോൾ ഞാൻ അവരോട് പറഞ്ഞു: ''പറയുക, അല്ലാഹുവിന്റെ റസൂലി(സ)ന്റെ സ്വഹാബികളോടും അവിടുത്തെ പിതൃവ്യപുത്രനോടുമുള്ള നിങ്ങളുടെ വിരോധത്തിന് കാരണമെന്ത്?''

അവർ പറഞ്ഞു: ''മൂന്നു കാര്യങ്ങൾ.''

ഞാൻ ചോദിച്ചു: ''അവ എന്തൊക്കെയാണ്?''

അവർ പറഞ്ഞു: ''ഒന്നാമത്തെ കാര്യം, അലി(റ) മനുഷ്യരെ വിധികർത്താക്കളായി സ്വീകരിച്ചു.[1] അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ,

إِنِ الْحُكْمُ إِلاَّ لِلَّهِ

'വിധികർത്തൃത്വം അല്ലാഹുവിന് മാത്രമാകുന്നു' (*അൻആം* 6:57, *യൂസഫ്* 12:40, 67)

എന്നിരിക്കെ, അല്ലാഹുവിന്റെ വിധികർത്തൃത്വത്തിൽ (ഹുക്മ്) മനുഷ്യർക്ക് എന്ത് കാര്യം?''

ഞാൻ പറഞ്ഞു: ''ഇത് ഒന്നാമത്തെ വിഷയം.''

അവർ തുടർന്നു: ''രണ്ടാമത്തെ കാര്യം: അദ്ദേഹം യുദ്ധം ചെയ്തു, എന്നാൽ യുദ്ധത്തടവുകാരെ പിടിച്ചില്ല, യുദ്ധമുതലുകൾ എടുത്തതുമില്ല.[2] അവർ കാഫിറുകളായിരുന്നെങ്കിൽ അവരിൽനിന്ന് നമുക്കത് അനുവദനീയമാണ്; ഇനി അവർ വിശ്വാസികളായിരുന്നെങ്കിൽ അവരുടെ യുദ്ധമുതലുകൾ സ്വീകരിക്കാനോ, അവരോട് യുദ്ധം ചെയ്യാൻ തന്നെയോ നമുക്ക് പാടില്ലല്ലോ?''

ഞാൻ പറഞ്ഞു: ''ഇത് രണ്ടാമത്തെ കാര്യം; ഇനി മൂന്നാമത്തേത്?''

അവർ പറഞ്ഞു: ''അദ്ദേഹം തന്റെ പേരിൽനിന്ന് (ഒരിക്കൽ നീക്കം ചെയ്തതിനാൽ) അമീറുൽ മുഅ്മിനീൻ എന്ന പദവി ഉപേക്ഷിക്കണം, എന്നാൽ അദ്ദേഹം




അമീറുൽ മുഅ്മിനീൻ അല്ലെങ്കിൽ പിന്നെ അമീറുൽ കാഫിരീൻ ആണ്.''

ഞാൻ ചോദിച്ചു: ''ഇവയല്ലാതെ നിങ്ങൾക്ക് ഇനിയെന്തെങ്കിലുമുണ്ടോ?''

അവർ പറഞ്ഞു: ''ഞങ്ങൾക്കിത്രയും മതി.''

അപ്പോൾ ഞാൻ അവരോട് ചോദിച്ചു: ''അല്ലാഹുവിന്റെ കിതാബിൽനിന്നും, അവന്റെ റസൂലിന്റെ സുന്നത്തിൽനിന്നും നിങ്ങൾ പറയുന്നതിനെതിരായി ഞാൻ വായിച്ചാൽ (തെളിവ് ഉദ്ധരിച്ചാൽ) നിങ്ങൾ തിരിച്ചുവരുമോ?''

അവർ പറഞ്ഞു: ''അതേ.''

ഞാൻ പറഞ്ഞു: ''അലി(റ) അല്ലാഹു വിധി നടത്തേണ്ട കാര്യത്തിൽ മനുഷ്യരോട് വിധി നടത്താനാവശ്യപ്പെട്ടു എന്ന നിങ്ങളുടെ ആരോപണത്തിനുള്ള മറുപടി:

ഒരു ദീനാറിന്റെ എട്ടിലൊരു ഭാഗം (ഒരു വേട്ടമൃഗത്തിന്റെ അന്നത്തെ വില) വരുന്ന വിഷയത്തിൽ പോലും അല്ലാഹു മനുഷ്യർക്ക് വിധി തീർക്കാൻ അധികാരമേൽപ്പിച്ചതായി ഞാൻ നിങ്ങൾക്ക് അല്ലാഹുവിന്റെ കിതാബിൽനിന്നും ഓതിത്തരാം! ഇവിടെ അല്ലാഹു മനുഷ്യരെയാണ് വിധി തീർപ്പാക്കാൻ ഏൽപ്പിച്ചത്, അല്ലാഹുവിന്റെ വചനം നിങ്ങൾ മനസ്സിലാക്കിയില്ലേ?

يَا أَيُّهَا الَّذِينَ آمَنُوا لَا تَقْتُلُوا الصَّيْدَ وَأَنتُمْ حُرُمٌ ۚ وَمَن قَتَلَهُ مِنكُم مُّتَعَمِّدًا
فَجَزَاءٌ مِّثْلُ مَا قَتَلَ مِنَ النَّعَمِ يَحْكُمُ بِهِ ذَوَا عَدْلٍ مِّنكُمْ هَدْيًا بَالِغَ الْكَعْبَةِ

'സത്യവിശ്വാസികളേ, നിങ്ങൾ ഇഹ്റാമിലായിരിക്കെ വേട്ടമൃഗത്തെ കൊല്ലരുത്. നിങ്ങളിലൊരാൾ മനഃപൂർവം അതിനെ കൊല്ലുന്ന പക്ഷം, അവൻ കൊന്നതിന് തുല്യമെന്ന് നിങ്ങളിൽ രണ്ടുപേർ തീർപ്പുകൽപിക്കുന്ന കാലിയെ (അഥവാ കാലികളെ) കഅ്ബത്തിങ്കൽ എത്തിച്ചേരേണ്ട ബലിമൃഗമായി നൽകേണ്ടതാണ്'' (*മാഇദ* 5: 95).

ഇവിടെ തന്റേതായ വിധിയിൽനിന്നല്ലേ അല്ലാഹു മനുഷ്യരെ വിധികർത്താക്കളാക്കാൻ കൽപ്പിച്ചത്? അവൻ ഉദ്ദേശിച്ചെങ്കിൽ, അല്ലാഹുവിനു ഈ കാര്യത്തിൽ വിധി കൽപ്പിക്കാമായിരുന്നു. എന്നാൽ അതവൻ മനുഷ്യരെ ഏൽപ്പിച്ചു.

അല്ലാഹുവാണ, ഞാൻ ചോദിക്കട്ടെ, തർക്കം പരിഹരിക്കുകയും അതുവഴി രക്തച്ചൊരിച്ചിൽ ഒഴിവാക്കുകയും ചെയ്യാനായി മനുഷ്യർ വിധി കൽപ്പിക്കുന്നതാണോ അല്ലെങ്കിൽ ഒരു മുയലിനെ വേട്ടയാടുന്നതാണോ കൂടുതൽ പ്രധാനപ്പെട്ട കാര്യം?''

അവർ പറഞ്ഞു: ''തീർച്ചയായും ഇതു തന്നെ പ്രധാനം.''

മറ്റൊരു വിഷയത്തിലും ഒരു സ്ത്രീയെയും അവളുടെ ഭർത്താവിനെയും സംബന്ധിച്ച തർക്കത്തിൽ അല്ലാഹു പറഞ്ഞു:

وَإِنْ خِفْتُمْ شِقَاقَ بَيْنِهِمَا فَابْعَثُوا حَكَمًا مِّنْ أَهْلِهِ وَحَكَمًا مِّنْ أَهْلِهَا

''ഇനി, അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ചുപോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ആൾക്കാരിൽനിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽനിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക'' (*അന്നിസാഅ്* 4:35).

ആളുകൾ വിധിപറയുന്നതിനെ അല്ലാഹു ഇതി

**വിദ്യാർഥികളുടെ അഭിരുചിയും ബൗദ്ധിക നിലവാരവും തിരിച്ചറിഞ്ഞ്, കാലഘട്ടത്തിന്റെ ആവശ്യങ്ങളെയും സമകാലിക ചിന്തകളെയും പരിഗണിച്ചുകൊണ്ട് ഗഹനമായ ഇസ്‌ലാമിക പഠനങ്ങൾക്ക് വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കണം. ദ്രുതഗതിയിൽ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ അതുവഴി മുസ്‌ലിം സമൂഹം പ്രാപ്തമാകും.**

ലൂടെ നിർഭയമായ ചര്യയായി പരിഗണിച്ചിരിക്കുകയാണ്.

വിധിപറയുന്ന വിഷയത്തിൽ നാം തമ്മിലുള്ള തർക്കം പരിഹാരമായോ?''

അവർ പറഞ്ഞു: ''അതേ.''

ഇനി അടുത്ത നിങ്ങളുടെ വിഷയം, ''അലി(റ) യുദ്ധത്തടവുകാരെ പിടിച്ചില്ല എന്നതും യുദ്ധമുതലുകൾ എടുത്തില്ല എന്നതുമാണല്ലോ..

നിങ്ങൾ നിങ്ങളുടെ ഉമ്മ ആഇശ(റ)യെ ഒരു യുദ്ധത്തടവുകാരിയായി പിടിക്കുകയും അതുവഴി മറ്റുള്ള സ്ത്രീകളിൽനിന്ന് എന്തെല്ലാം നിങ്ങൾക്ക് അനുവദനീയമാകുമോ അതെല്ലാം അവരിൽനിന്ന് അനുവദനീയമാക്കുകയും ചെയ്യുമോ, അവർ നിങ്ങളുടെ ഉമ്മയായിരിക്കെ?!

'മറ്റുള്ള സ്ത്രീകളിൽനിന്ന് എന്തെല്ലാം ഞങ്ങൾക്ക് ഹലാലാണോ അതെല്ലാം അവരിൽനിന്നും ഞങ്ങൾക്ക് ഹലാലാകും' എന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ നിങ്ങൾ കുഫ്റ് പ്രവർത്തിച്ചു; ഇനി, 'അവർ ഞങ്ങളുടെ ഉമ്മയല്ല' എന്നാണു നിങ്ങളുടെ ഉത്തരമെങ്കിൽ അതും കുഫ്റ് ആണ്. രണ്ടിനും കാരണം,

النَّبِيُّ أَوْلَىٰ بِالْمُؤْمِنِينَ مِنْ أَنفُسِهِمْ ۖ وَأَزْوَاجُهُ أُمَّهَاتُهُمْ ۗ

'പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളേക്കാളും അടുത്ത ആളാകുന്നു. അദ്ദേഹത്തിന്റെ ഭാര്യമാർ അവരുടെ മാതാക്കളുമാകുന്നു.'' (*അഹ്സാബ്* 33:6)

അപ്പോൾ നിങ്ങൾ രണ്ട് മോശമായ വിധികൾക്കിടയിലാണ് കറങ്ങുന്നത്, ഇതിൽ രണ്ടിലേതൊന്നു സ്വീകരിച്ചാലും നിങ്ങൾ വഴികേടിലുമാണ്!

ഈ വിഷയത്തിൽ നാം തമ്മിലുള്ള തർക്കം തീർന്നുവോ?''

അവർ പരസ്പരം നോക്കി, പറഞ്ഞു: ''അതേ.''

''ഇനിയുള്ളത് അലി(റ), അമീറുൽ മുഅ്മിനീൻ എന്ന പദവി ഉപേക്ഷിച്ചത് സംബന്ധിച്ചാണല്ലോ? അതിനു നിങ്ങളെ തൃപ്തരാക്കുന്ന ഒരു മറുപടി ഞാൻ തരാം.

തീർച്ചയായും ഹുദൈബിയാ ദിവസം അല്ലാഹുവിന്റെ റസൂൽ ശത്രുക്കളുമായി ഒരു കരാർ ചെയ്തു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ അലി(റ)യോട് പറഞ്ഞു:

اُكْتُبْ يَا عَلِيّ ، هَذَا مَا صَالَحَ عَلَيْهِ مُحَمَّدٌ رَسُوْلُ الله

'ഓ, അലീ! എഴുതുക. ഇത് അല്ലാഹുവിന്റെ റസൂൽ, മുഹമ്മദ് ഏർപ്പെടുന്ന കരാറാണ്'.

അപ്പോൾ ശത്രുക്കൾ പറഞ്ഞു: 'അല്ലാഹുവാണ! താങ്കൾ അല്ലാഹുവിന്റെ റസൂലാണെന്ന് ഞങ്ങൾ അറിയുമായിരുന്നെങ്കിൽ പിന്നെ നിങ്ങളുമായി യുദ്ധം ചെയ്യുമായിരുന്നില്ലല്ലോ!'

അപ്പോൾ അല്ലാഹുവിന്റെ റസൂൽ അലി(റ)യോട് പറഞ്ഞു:

اللَّهُمَّ تَعْلَمُ أَنِّي رَسُوْلُكَ اِمْحَ يَا عَلِيّ وَاكْتُبْ هَذَا مَا اصْطَلَحَ عَلَيْهِ مُحَمَّدُ بْنُ عَبْد الله

'ഞാൻ അല്ലാഹുവിന്റെ റസൂൽ ആണെന്ന് തീർച്ചയായും നിങ്ങളേക്കാൾ നന്നായി അല്ലാഹു അറിയുന്നവനാണ്; ഓ, അലീ! അത് മായ്ച്ചുകളഞ്ഞേക്കുക! എന്നിട്ട് ഇങ്ങനെ എഴുതുക. ഇത് മുഹമ്മദ് ബിൻ അബ്ദുല്ലാഹ് ഏർപ്പെടുന്ന കരാറാണ്.'

അല്ലാഹുവിൽ സത്യം ചെയ്ത് ഞാൻ പറയട്ടെ, അല്ലാഹുവിന്റെ റസൂൽ അലി(റ)യേക്കാൾ എത്രയോ ഉന്നതനാണ്. എന്നിട്ടും, അവിടുന്ന് സ്വന്തം പദവിയുടെ പേര് മായ്ച്ചുകളഞ്ഞല്ലോ, പക്ഷേ, അത് അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ മായ്ച്ചുകളഞ്ഞില്ല!

ഈ വിഷയത്തിലും നാം തമ്മിലുള്ള തർക്കം തീർന്നുവോ?''

അവർ പറഞ്ഞു: ''അതേ.''

അപ്പോൾ, അവരിൽനിന്ന് രണ്ടായിരം പേർ തിരിച്ചുപോന്നു. എന്നാൽ ശേഷിച്ചവർ അവരുടെ വഴികേടിൽ ഉറച്ചുനിന്ന് വിപ്ലവമുണ്ടാക്കുകയും യുദ്ധത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. അങ്ങനെ മുഹാജിറുകളും അൻസ്വാറുകളും അവരോട് പടവെട്ടി...''

(https://vazhivilakk.wordpress.com/2015/09/29/the-great-debate-ibn-abbas-khawarij/)

ഖുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ ആധുനിക ഇസ്‌ലാമിക സമൂഹത്തെ നയിക്കാനും അവർക്ക് ദിശാബോധം നൽകാനും എല്ലാവിധ പ്രതിസന്ധികളെയും ഭീഷണികളെയും ചെറുക്കാനും സ്വത്വവും തനിമയും കാത്തുസൂക്ഷിക്കാനും സമുദായത്തെ പ്രാപ്തരാക്കാൻ പണ്ഡിതന്മാർക്കേ സാധിക്കൂ. അതാണ് കാലം ആവശ്യപ്പെടുന്നത്.

**നബി(സ)യുടെ അനന്തരസ്വത്ത്!**

''ഹാ, നിങ്ങളുടെ കഷ്ടം! അതാണ് മുഹമ്മദ്? അനന്തരമാക്കിയത്!''

അബൂഹുറൈറ (റ) തന്നെ ഉദ്ധരിക്കുന്നു; അദ്ദേഹം ഒരിക്കൽ മദീനയിലെ അങ്ങാടിയിലൂടെ കടന്നുപോവുകയായിരുന്നു. അവിടത്തുകാർ തിരക്കിട്ട വ്യാപാര വ്യവഹാരങ്ങളിൽ മുഴുകിയതായി അദ്ദേഹം കണ്ടു. അദ്ദേഹം ഒന്ന് നിന്ന ശേഷം വിളിച്ചു ചോദിച്ചു: 'ഓ, ജനങ്ങളേ! (അങ്ങാടിയിൽ ഉള്ളവരേ) എന്താണ് നിങ്ങളെ ഇത്ര കഴിവുകെട്ടവരാക്കിയത്?!'' അവർ പ്രതികരിച്ചു: ''ഓ, അബൂഹുറയ്റ! അതെങ്ങനെയാണ്?'' അബൂഹുറയ്റ പറഞ്ഞു: ''അവിടെ നമ്മുടെ പ്രവാചകൻ മുഹമ്മദിന്റെ(സ) അനന്തര സ്വത്ത് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു! നിങ്ങളാണെങ്കിൽ ഇവിടെയും! നിങ്ങൾക്കും പോയി നിങ്ങളുടെ ഓഹരി വാങ്ങിക്കൂടെ?!'' അവർ ആകാംക്ഷയിൽ അന്വേഷിച്ചു: ''അതെവിടെയാണ് (വിതരണം)?'' അബൂ

ഹുറയ്റ: ''പള്ളിയിൽ!''അതോടെ അവരെല്ലാം തിരക്കിട്ട് മസ്ജിദുന്നബവിയിലേക്ക് പാഞ്ഞു. അബൂഹുറയ്റ(റ) അൽപനേരം കൂടെ അവിടെ തങ്ങി, അവർ തിരികെയെത്തും വരെ.

കുറച്ചു നേരം കഴിഞ്ഞ് അവരെല്ലാം (നിരാശരായി) തിരികെ വന്നപ്പോൾ അദ്ദേഹം അവരുടെ വിവരം അന്വേഷിച്ചു. അവർ പറഞ്ഞു: ''ഓ, അബൂഹുറയ്റാ, ഞങ്ങൾ പള്ളിയിലേക്ക് പോയി, എന്നാൽ അവിടെ ഒന്നും വിതരണം ചെയ്യുന്നതായി ഞങ്ങൾ കണ്ടില്ല.''

അദ്ദേഹം ചോദിച്ചു: ''എന്നാൽ നിങ്ങൾ എന്താണവിടെ കണ്ടത്? നിങ്ങൾ പള്ളിയിൽ ആരെയും കണ്ടില്ലേ?''

അവർ പറഞ്ഞു: ''അതേ, തീർച്ചയായും ഞങ്ങൾ കണ്ടു; ജനങ്ങളിൽ ചിലർ നമസ്കരിക്കുന്നു; ചിലർ ഖുർആൻ പാരായണം നടത്തുന്നു; മറ്റു ചിലർ ദീനിലെ ഹലാൽ-ഹറാമിന്റെ വിധികൾ പഠിക്കുന്നു..''

അപ്പോൾ അബൂഹുറൈറ (റ) പറഞ്ഞു:

'ഓ, നിങ്ങളുടെ കാര്യം എത്ര കഷ്ടം! അതാണ് പ്രവാചകൻ മുഹമ്മദ് (സ) വിട്ടേച്ചുപോയ അനന്തരസ്വത്ത്!''

അബുദ്ദർദാഅ് (റ) ഉദ്ധരിക്കുന്നു: ''നിശ്ചയം, പണ്ഡിതന്മാർ അമ്പിയാക്കളുടെ അനന്തരാവകാശികളാണ്. തീർച്ചയായും പ്രവാചകന്മാർ ദീനാറോ ദിർഹമോ അനന്തരമായി വിട്ടേച്ചുപോയിട്ടില്ല; അവർ അനന്തരമായി ഉപേക്ഷിച്ചുപോയത് വിജ്ഞാനം മാത്രമാണ്. അതുകൊണ്ട്, ആർ വിജ്ഞാനമാർജിച്ചുവോ അവന് മഹത്തായ സൗഭാഗ്യമാണ് കൈവരിക്കാൻ കഴിഞ്ഞത്.''

(ഹദീസ് ഹസൻ അബൂദാവൂദ്, ഇബ്നുമാജ. ശൈഖ് അൽബാനി പ്രാമാണികമെന്ന് അംഗീകരിച്ചത് -ശർഹുസ്സുന്നഃ 1/276).

عَنْ قَيْسِ بْنِ كَثِيرٍ قَالَ قَدِمَ رَجُلٌ مِنَ الْمَدِينَةِ عَلَى أَبِي الدَّرْدَاءِ وَهُوَ بِدِمَشْقَ فَقَالَ مَا أَقْدَمَكَ يَا أَخِي فَقَالَ حَدِيثٌ بَلَغَنِي أَنَّكَ تُحَدِّثُهُ عَنْ رَسُولِ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ أَمَا جِئْتَ لِحَاجَةٍ قَالَ لاَ. قَالَ أَمَا قَدِمْتَ لِتِجَارَةٍ قَالَ لاَ. قَالَ مَا جِئْتَ إِلاَّ فِي طَلَبِ هَذَا الْحَدِيثِ قَالَ فَإِنِّي سَمِعْتُ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ « مَنْ سَلَكَ طَرِيقًا يَبْتَغِي فِيهِ عِلْمًا سَلَكَ اللَّهُ بِهِ طَرِيقًا إِلَى الْجَنَّةِ وَإِنَّ الْمَلاَئِكَةَ لَتَضَعُ أَجْنِحَتَهَا رِضًا لِطَالِبِ الْعِلْمِ وَإِنَّ الْعَالِمَ لَيَسْتَغْفِرُ لَهُ مَنْ فِي السَّمَوَاتِ وَمَنْ فِي الأَرْضِ حَتَّى الْحِيتَانُ فِي الْمَاءِ وَفَضْلُ الْعَالِمِ عَلَى الْعَابِدِ كَفَضْلِ الْقَمَرِ عَلَى سَائِرِ الْكَوَاكِبِ إِنَّ الْعُلَمَاءَ وَرَثَةُ الأَنْبِيَاءِ إِنَّ الأَنْبِيَاءَ لَمْ يُوَرِّثُوا دِينَارًا وَلاَ دِرْهَمًا إِنَّمَا وَرَّثُوا الْعِلْمَ فَمَنْ أَخَذَ بِهِ أَخَذَ بِحَظٍّ وَافِرٍ ».(رَوَاهُ التِّرْمِذِيُّ: 2898، وَصَحَّحَهُ الأَلْبَانِيُّ).

ഖൈസുബ്നു കസീറി(റ)ൽനിന്ന് നിവേദനം: അബുദ്ദർദാഅ്(റ) ദമസ്കസിലായിരിക്കെ മദീനയിൽ നിന്നു വന്ന ഒരാൾ അദ്ദേഹത്തെ സമീപിച്ചു. അബുദ്ദർദാഅ്(റ) ആഗമനോദ്ദേശ്യം ആരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'നബി(സ)യിൽനിന്ന് നിങ്ങളുദ്ധരിക്കുന്ന ഒരു ഹദീസിനു വേണ്ടിയാണ് ഞാൻ വന്നത്.' അപ്പോൾ അബുദ്ദർദാഅ്(റ) അദ്ദേഹത്തോട് ചോദിച്ചു: നിങ്ങളെന്തോ ആവശ്യത്തിനു വേണ്ടി വന്നതല്ലേ? ആഗതൻ പറഞ്ഞു: അല്ല. അബുദ്ദർദാഅ് (റ): നിങ്ങൾ കച്ചവടാവശ്യാർഥം വന്നതല്ലേ? ആഗതൻ: 'അല്ല. ഞാൻ ഈ ഹദീസിനു വേണ്ടി മാത്രം വന്നതാണ്.' അപ്പോൾ അബുദ്ദർദാഅ് (റ) പറഞ്ഞു: നിശ്ചയം നബി(സ) ഇപ്രകാരം പ്രസ്താവിക്കുന്നതായി ഞാൻ കേട്ടു; 'വിജ്ഞാനം തേടുന്ന വഴിയിൽ ആരെങ്കിലും പ്രവേശിച്ചാൽ അതുനിമിത്തം സ്വർഗത്തിലേക്കുള്ള വഴിയിൽ അല്ലാഹു അവനെ പ്രവേശിപ്പിക്കും. വിജ്ഞാനം അന്വേഷിക്കുന്നവരെ ഇഷ്ടപ്പെട്ട് മാലാഖമാർ അവരുടെ ചിറകുകൾ താഴ്ത്തിക്കൊടുക്കും. പണ്ഡിതനുവേണ്ടി വാനലോകത്തുള്ളവരും ഭൂലോകത്തുള്ളവരും വെള്ളത്തിലെ മത്സ്യങ്ങൾ വരെ പാപമോചനത്തിനിരക്കും. (പണ്ഡിതനല്ലാത്ത) ആരാധന ചെയ്യുന്നവനേക്കാൾ പണ്ഡിതന്നുള്ള ശ്രേഷ്ഠത മറ്റു ഗോളങ്ങളേക്കാൾ ചന്ദ്രന്നുള്ള ശ്രേഷ്ഠത പോലെയാണ്. നിശ്ചയം പണ്ഡിതന്മാർ അമ്പിയാക്കളുടെ അനന്തരാവകാശികളാണ്. ദീനാറോ ദിർഹമോ അല്ല അവർ അനന്തരമായി നൽകിയത്. മറിച്ച് വിജ്ഞാനമാണ്. അതിനാൽ വിജ്ഞാനം നേടിയവർ പൂർണമായ വിഹിതം കരസ്ഥമാക്കിയിരിക്കുന്നു' (തിർമിദി 2682).

മുസ്ലിം ലോകത്ത് ബഹുമത-പാർട്ടി നിയമസംവിധാനങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ബഹുസ്വരത എന്ന സർവാംഗീകൃത മൂല്യത്തെ മുൻനിർത്തി മതവിഷയങ്ങൾ പരിഗണിക്കാൻ പ്രതിജ്ഞാബദ്ധമാണ് ഇത്തരം സംവിധാനങ്ങൾ. സച്ചരിതരായ ഖലീഫമാരുടെ കാലത്ത് ഇത്തരമൊരു സാമൂഹിക വികാസം നിലവിൽവന്നിട്ടുണ്ടായിരുന്നില്ല. കാരണം, അവർ പ്രവാചകനോടൊപ്പം ജീവിച്ചിരുന്നവരായിരുന്നു. ഒരേസമയം മത പണ്ഡിതരും രാഷ്ട്ര നേതാക്കളുമായിരുന്നു അവർ. മതപരവും വൈജ്ഞാനികവുമായ ആധികാരികത ഇമാമുമാർ അനന്തരം കൊണ്ടത് ഈ സച്ചരിതരായ ഖലീഫമാരിൽനിന്നാണ്. അന്നുമുതൽ ബഹുസ്വര വീക്ഷണങ്ങൾ മുസ്ലിം ലോകത്തിന്റെ ദൈനംദിന ചര്യയായിത്തീർന്നു. എന്നാൽ ഈ ബഹുസ്വരത രാഷ്ട്രീയരംഗത്ത് മാത്രം പ്രതിഫലിച്ചില്ല. രാഷ്ട്രീയ കേന്ദ്രമായിരുന്നു അന്തിമ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നത്. സമൂഹത്തിലെ അസന്തുലിതത്വം തടയുന്നതിനോ പരസ്പര സഹകരണം ഉറപ്പു വരുത്തുന്നതിനോ രാഷ്ട്രീയ കൂട്ടായ്മകളൊന്നും മുസ്ലിം ലോകത്ത് അക്കാലങ്ങളിൽ ഉദയം ചെയ്തില്ല.

ചരിത്രത്തിൽ തുല്യതയില്ലാത്ത വേറിട്ടൊരു കാലത്താണ് ഇമാമുകൾ ജീവിച്ചത്. അതിനോട് സമാനമായ ഒരു കാലത്താണ് നാമും ജീവിച്ചുകൊണ്ടിരിക്കുന്നത്. മാറ്റത്തിന്റെ ഗതിവേഗം പ്രവചനാതീതമാണ്. നൂതന കണ്ടുപിടിത്തങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്ന ലോകം. നാല് ഇമാമുമാരെ പോലെയുള്ള പണ്ഡിതരെ ഈ കാലഘട്ടം ആവശ്യപ്പെടുന്നുണ്ട്. കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് ഇസ്ലാമിന്റെ

**വിദ്യാഭ്യാസ രംഗത്ത് എന്നത്തേക്കാളും അവസരങ്ങളുള്ള കാലമാണിത്. ഗ്രന്ഥങ്ങളും വിജ്ഞാനകോശങ്ങളും വ്യാപകമായി ലഭ്യമാണിന്ന്. എല്ലാവിധ സൗകര്യങ്ങളോടും കൂടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മിക്കവാറും എല്ലാ പ്രദേശങ്ങളിലുമുണ്ട്.**

അടിത്തറകളിൽനിന്ന് സംവദിക്കാൻ പ്രാപ്തരായ, സ്വതന്ത്ര പണ്ഡിതന്മാരെയാണ് നമുക്ക് വേണ്ടത്. അങ്ങനെയുള്ളവർക്കേ ഇന്നിന്റെ ചോദ്യങ്ങളെ അഭിമുഖീകരിക്കാനാവൂ.

'മഹാന്മാരോടൊപ്പം ജീവിക്കാത്തവർ മഹാന്മാരെ സൃഷ്ടിക്കില്ല.' പൂർവകാല പണ്ഡിതന്മാർ അവരുടെ കാലത്ത് നിർദേശിച്ച പരിഹാരങ്ങൾ കൊണ്ട് ഇക്കാലഘട്ടത്തിലെ വെല്ലുവിളികളെ ഇന്നത്തെ പരിഷ്കർത്താക്കൾക്ക് അതിജയിക്കാനാവില്ല. മുൻഗാമികളിൽനിന്ന് അവർക്ക് സ്വീകരിക്കാനുള്ളത് അവരുടെ കുറ്റമറ്റ നിയമനിർധാരണ രീതിശാസ്ത്രമാണ്.

ഇത് കേവലം പാഴ്മോഹമല്ല. അല്ലാഹുവിന്റെ അപാരമായ കാരുണ്യത്താൽ അനുഗ്രഹിക്കപ്പെട്ട സമൂഹമാണ് മുസ്‌ലിം ഉമ്മത്ത്. പ്രവാചകൻ (സ) പറഞ്ഞിട്ടുണ്ട്. 'എന്റെ സമുദായം മഴത്തുള്ളികൾ പോലെയാണ്. അതിന്റെ തുടക്കത്തിലാണോ ഒടുക്കത്തിലാണോ നന്മയിരിക്കുന്നതെന്ന് നിങ്ങൾക്ക് അറിയാൻ കഴിയില്ല' (തിർമിദി).

വിദ്യാഭ്യാസ രംഗത്ത് എന്നത്തേക്കാളും അവസരങ്ങളുള്ള കാലമാണിത്. ഗ്രന്ഥങ്ങളും വിജ്ഞാനകോശങ്ങളും വ്യാപകമായി ലഭ്യമാണിന്ന്. എല്ലാവിധ സൗകര്യങ്ങളോടും കൂടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മിക്കവാറും എല്ലാ പ്രദേശങ്ങളിലുമുണ്ട്. ലോകത്തിന്റെ ഒരു കോണിൽനിന്ന് ഏത് ദിക്കിലേക്കും ബന്ധപ്പെടാൻ കഴിയുമാറ് ആശയവിനിമയ സംവിധാനങ്ങൾ വികസിച്ചിരിക്കുന്നു. ഇത്തരമൊരു സഹചര്യത്തിൽ വിദ്യാർഥികളുടെ അഭിരുചിയും ബൗദ്ധിക നിലവാരവും തിരിച്ചറിഞ്ഞ്, കാലഘട്ടത്തിന്റെ ആവശ്യങ്ങളെയും സമകാലിക ചിന്തകളെയും പരിഗണിച്ചുകൊണ്ട് ഗഹനമായ ഇസ്‌ലാമിക പഠനങ്ങൾക്ക് വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കണം. ദ്രുതഗതിയിൽ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ അതുവഴി മുസ്‌ലിം സമൂഹം പ്രാപ്തമാകും.

ആകസ്മികമായി പണ്ഡിതവൃത്തി ഏറ്റെടുക്കേണ്ടി വന്നിരുന്ന പഴയ അവസ്ഥയിൽനിന്ന് പണ്ഡിത ലോകം മാറിത്തുടങ്ങിയിട്ടുണ്ട്. ആധുനിക കാലത്തെ മുസ്‌ലിം പണ്ഡിത നേതൃത്വം, അവരുടെ ബൗദ്ധികവും ധാർമികവുമായ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവരാണ്. ഇസ്‌ലാമിക അടിസ്ഥാനങ്ങളിൽ അവഗാഹം നേടിയവരും ആധുനിക വിജ്ഞാനീയങ്ങൾ കരസ്ഥമാക്കിയവരുമാകണം ഇന്നത്തെ പണ്ഡിത സമൂഹം. എവിടെയാണ് കാർക്കശ്യം കാണിക്കേണ്ടതെന്നും മൃദുസമീപനം സ്വീകരിക്കേണ്ടതെന്നും, എങ്ങനെയാണ് അലംഘനീയമായ നിയമങ്ങളും സംശയത്തിനിട നൽകുന്ന കാര്യങ്ങളും വേർതിരിക്കേണ്ടതെന്നും അത്തരം പണ്ഡിതന്മാർക്കേ അറിയൂ.

ഇത്തരത്തിലുള്ള ഒരു പണ്ഡിത കൂട്ടായ്മയെ ഉയർത്തിക്കൊണ്ടുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈയൊരു ലക്ഷ്യസാക്ഷാൽക്കാരത്തിന് അക്കാദമിക, മതവിദ്യഭ്യാസ രംഗത്തുള്ളവരും ബിസിനസ്സുകാരും തങ്ങളുടേതായ സംഭാവനകൾ സമർപ്പിക്കേണ്ടതാണ്.

ഒരു ആപ്തവാക്യമിങ്ങനെയാണ്: 'മഹാന്മാരോടൊപ്പം ജീവിക്കാത്തവർ മഹാന്മാരെ സൃഷ്ടിക്കില്ല.' പൂർവകാല പണ്ഡിതന്മാർ അവരുടെ കാലത്ത് നിർദേശിച്ച പരിഹാരങ്ങൾ കൊണ്ട് ഇക്കാലഘട്ടത്തിലെ വെല്ലുവിളികളെ ഇന്നത്തെ പരിഷ്കർത്താക്കൾക്ക് അതിജയിക്കാനാവില്ല. മുൻഗാമികളിൽനിന്ന് അവർക്ക് സ്വീകരിക്കാനുള്ളത് അവരുടെ കുറ്റമറ്റ നിയമനിർധാരണ രീതിശാസ്ത്രമാണ്. ഓരോ കാലഘട്ടത്തിനും അതിന്റേതായ പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ട്. തങ്ങളുടെ കാലഘട്ടത്തിൽ പ്രകടിപ്പിക്കാൻ കഴിയാതിരുന്ന പല ആശയങ്ങളും അഭിപ്രായങ്ങളും ഇമാമുകൾക്ക് ഉണ്ടായിരുന്നുവെന്ന് വിശ്വസിക്കാനാണ് നമുക്ക് താൽപര്യം. കാരണം അന്ന് നിലനിന്നിരുന്ന സാഹചര്യം അത് വെളിപ്പെടുത്താൻ അവരെ അനുവദിച്ചിട്ടുണ്ടാവില്ല. സാങ്കേതിക വിദ്യയുടെ വികാസവും മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സാഹചര്യവും ഇക്കാലഘട്ടത്തിൽ ഈ ദൗത്യം നിർവഹിക്കുന്നതിൽ നമുക്ക് തടസ്സമല്ല.

വർത്തമാനകാല സാമൂഹിക-രാഷ്ട്രീയ-ബൗദ്ധിക വെല്ലുവിളികളെ വിശകലനം ചെയ്യുന്നതിൽനിന്ന് 'മാറി നിൽക്കുന്ന' സമീപനം പണ്ഡിതന്മാർ കൈയൊഴിയണം. എല്ലാവരെയും ബാധിക്കുന്ന ഇത്തരം പ്രശ്നങ്ങളെ അവയുടെ വിവിധ കോണുകളിൽനിന്ന് നോക്കി സമർപ്പിക്കപ്പെടുന്ന നിർദേശങ്ങൾക്ക് മാത്രമേ അവ പരിഹരിക്കാനാവൂ. ആശയകൈമാറ്റത്തിന്റെയും സംവാദത്തിന്റെയും സംഭാഷണത്തിന്റെയും കാലഘട്ടമാണിത്. ഇസ്‌ലാമിക ചിന്തയുടെ വികാസത്തിനു വേണ്ടി യത്നിക്കുന്ന ഗവേഷണ കേന്ദ്രങ്ങൾ തങ്ങളുടെ പ്രവർത്തന മണ്ഡലവും ലക്ഷ്യങ്ങളും വികസിപ്പിക്കേണ്ടതുണ്ട്. സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പക്ഷപാതരഹിതമായും രാഷ്ട്രീയ സ്വാധീനങ്ങൾക്കടിപ്പെടാതെയും സങ്കുചിത ദേശീയ വികാരങ്ങൾക്ക് വശപ്പെടാതെയും പക്വവും വിവേകപൂർണവുമായ നിലപാടുകളിലൂടെ പരിഹരിക്കാൻ ഇന്നത്തെ പണ്ഡിതന്മാർക്ക് കഴിയേണ്ടതുണ്ട്. ഗവേഷകർ പരസ്പരം സഹകരിച്ച് വിഷയങ്ങളെ സമീപിക്കുകയും അതത് രംഗങ്ങളിൽ വിദഗ്ധരുടെ സഹായം തേടി സമഗ്രവും സന്തുലിതവുമായ പ്രശ്നപരിഹാര നിർദേശങ്ങൾ മുന്നോട്ടുവെക്കുകയും വേണം.

ഇത്തരം അക്കാദമിക ഗവേഷണ കേന്ദ്രങ്ങളെ സ്വതന്ത്രമായി നിലനിർത്തുന്ന വിധത്തിലായിരിക്കണം അവയുടെ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തേണ്ടത്. അത്തരം സ്ഥാപനങ്ങളെ ഇന്ന് സ്വപ്നം കണ്ടാലേ നാളെ അവ യാഥാർഥ്യമാവുകയുള്ളൂ. ●

*1. സ്വിഫ്ഫീൻ യുദ്ധത്തോടനുബന്ധിച്ച് അലി(റ), മുആവിയ(റ) പക്ഷത്തെ തർക്കങ്ങൾ പരിഹരിക്കാൻ മധ്യസ്ഥരായി അബൂമൂസൽ അശ്അരി(റ), അംറുബ്നുൽ ആസ്(റ) എന്നിവരെ നിശ്ചയിച്ചതാണ് അവരിവിടെ സൂചിപ്പിക്കുന്നത്.

**2. ഉമ്മുൽ മുഅ്മിനീൻ ആഇശ(റ) ഉൾപ്പെട്ട ജമൽ യുദ്ധത്തെക്കുറിച്ചാണ് അവർ ഇവിടെ പരാമർശിക്കുന്നത്.